<u>15 -ാം കേരള നിയമസഭ</u>

<u>4 -ാം സമ്മേളനം</u>

<u>നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 177</u> <u>22-02-2022 - ൽ മറുപടിയ്ക്ക്</u>

## <u>രാത്രികാല പോസ്റ്റ്മോർട്ടം</u>

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എൻ എ നെല്ലിക്കുന്ന് | | Smt Veena George<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | കാസർഗോഡ് ജനറൽ ആശുപത്രിയിൽ രാത്രികാല പോസ്റ്റ്മോർട്ടം നടപ്പിലാക്കണമെന്ന കോടതി ഉത്തരവ് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയുടെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ ആവശ്യമായ എണ്ണം അസിസ്റ്റന്റ് സർജൻമാരെയും, നഴ്സിംഗ് അസിസ്റ്റന്റുമാരേയും, ഹോസ്പിറ്റൽ അറ്റൻഡന്റുമാരേയും, ജോലി ക്രമീകരണ വ്യവസ്ഥയിൽ കാസർഗോഡ് ജനറൽ ആശുപത്രിയിൽ നിയമിച്ച് രാത്രികാല പോസ്റ്റ്മോർട്ടം നടപടികൾ ആരംഭിക്കുവാൻ ആരോഗ്യ വകുപ്പ് ഡയറക്ടർ, ജില്ലാ മെഡിക്കൽ ഓഫീസർക്ക് 15/01/2022 തീയതിയിലെ എം.എച്ച് 3-592/2022/ ആവഡ നമ്പർ കത്ത് പ്രകാരം നിർദ്ദേശം നൽകിയിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ കാസർഗോഡ് ജില്ലാ മെഡിക്കൽ ഓഫീസറുടെ 29-01-2022 തീയതിയിലെ എ4-1575/2022/ജി.മെ.ആ, നമ്പർ ഉത്തരവ് പ്രകാരം 3 നഴ്സിംഗ് അസിസ്റ്റന്റ്, 2 ഹോസ്പിറ്റൽ അറ്റൻഡന്റ് ഗ്രേഡ് -2 എന്നീ ജീവനക്കാരെ ജോലിക്രമീകരണാടിസ്ഥാനത്തിൽ കാസർഗോഡ് ജനറൽ ആശുപത്രിയിലേയ്ക്ക് നിയോഗിച്ചിട്ടുണ്ട്. |
| (ബി) | എങ്കിൽ ഇക്കാര്യത്തിൽ എന്ത് നടപടികളാണ് സ്വീകരിച്ചതെന്ന് വ്യക്തമാക്കാമോ; | (ബി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയുടെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ ആവശ്യമായ എണ്ണം അസിസ്റ്റന്റ് സർജൻമാരെയും, നഴ്സിംഗ് അസിസ്റ്റന്റുമാരേയും, ഹോസ്പിറ്റൽ അറ്റൻഡന്റുമാരേയും, ജോലി ക്രമീകരണ വ്യവസ്ഥയിൽ കാസർഗോഡ് ജനറൽ ആശുപത്രിയിൽ നിയമിച്ച് രാത്രികാല പോസ്റ്റ്മോർട്ടം നടപടികൾ ആരംഭിക്കുവാൻ ആരോഗ്യ വകുപ്പ് ഡയറക്ടർ, ജില്ലാ മെഡിക്കൽ ഓഫീസർക്ക് 15/01/2022 തീയതിയിലെ എം.എച്ച് 3-592/2022/ ആവഡ നമ്പർ കത്ത് പ്രകാരം നിർദ്ദേശം നൽകിയിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ കാസർഗോഡ് ജില്ലാ മെഡിക്കൽ ഓഫീസറുടെ 29-01-2022 തീയതിയിലെ എ4-1575/2022/ജി.മെ.ആ, |

| | | | |
|---|---|---|---|
| | | | നമ്പർ ഉത്തരവ് പ്രകാരം 3 നഴ്സിംഗ് അസിസ്റ്റന്റ്, 2 ഹോസ്പിറ്റൽ അറ്റൻഡന്റ് ഗ്രേഡ് -2 എന്നീ ജീവനക്കാരെ ജോലിക്രമീകരണാടിസ്ഥാനത്തിൽ കാസർഗോഡ് ജനറൽ ആശുപത്രിയിലേയ്ക്ക് നിയോഗിച്ചിട്ടുണ്ട്. |
| (സി) | കോടതി ഉത്തരവ് വന്നതെപ്പോഴാണെന്ന് വ്യക്തമാക്കാമോ; | (സി) | 16/12/2021 ൽ ആണ് കോടതി ഉത്തരവ് പുറപ്പെടുവിച്ചിരിക്കുന്നത്. |
| (ഡി) | രാത്രികാല പോസ്റ്റ്മോർട്ടം പ്രാവർത്തികമാക്കുന്നതിന് ആവശ്യമായ സ്റ്റാഫിനെ കാസർഗോഡ് ജനറൽ ആശുപത്രിയിൽ കോടതിവിധി കൈപറ്റി ഒരു മാസത്തിനകം നിയോഗിക്കണമെന്ന് വിധിന്യായത്തിൽ പറയുന്നുണ്ടോ; | (ഡി) | ഉണ്ട്. |
| (ഇ) | പ്രസ്തുത കോടതിവിധി എപ്പോഴാണ് കൈപ്പറ്റിയതെന്നും ആവശ്യമായ സ്റ്റാഫിനെ നിയോഗിച്ചുകഴിഞ്ഞോ എന്നും വ്യക്തമാക്കാമോ? | (ഇ) | 22/12/2021 തീയതിയിൽ ടി കോടതി വിധി കൈപ്പറ്റിയിരുന്നു. വിധി പ്രകാരം ആവശ്യമായ സ്റ്റാഫിനെ നിയോഗിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ